ഭരണഭാഷ – മാതൃഭാഷ

എൻ2/30680/2019(2)

ഫിഷറീസ് ഡയറക്ടറാഫീസ്
തിരുവനന്തപുരം-33
തീയതി : 31/05/2019
Phone :0471-2305042
email: fisheriesdirector@gmail.com

ഫിഷറീസ് ഡയറക്ടർ
തിരുവനന്തപുരം.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ,
തിരുവനന്തപുരം / കൊല്ലം / ആലപ്പുഴ / കോട്ടയം/എറണാകുളം / ആലുവ (ബ്രാക്കിഷ് വാട്ടർട്രെയിനിംഗ്) / തൃശ്ശൂർ / മലപ്പുറം / പാലക്കാട്/ കോഴിക്കോട് / കണ്ണൂർ / കാസർഗോഡ്.

ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ,
വയനാട് / ഇടുക്കി / പത്തനംതിട്ട

സർ,

വിഷയം : ഫിഷറീസ് - 2019-20 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സിവിൽ സർവ്വീസ് പരിശീലനം നൽകുന്ന വിദ്യാതീരം പദ്ധതി - സംബന്ധിച്ച്.

……….

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നൽകുന്നു. ബിരുദ തലത്തിൽ 60% മാർക്കോടെ വിജയിച്ച മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ടി പരിശീലനം സിവിൽ സർവ്വീസ് അക്കാഡമി, പ്ലാമൂട്, തിരുവനന്തപുരം എന്ന സ്ഥാപനം മുഖേന നടത്തുന്നതാണ്.

2019-20 അധ്യയന വർഷത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനായി പത്രപരസ്യം കൊടുക്കുകയും 15/06/2019 ന് മുമ്പായി ജില്ലാ ആഫീസിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അർഹമായ വിദ്യാർത്ഥികളുടെ വിശദവിവരങ്ങൾ അടങ്ങിയ ലിസ്റ്റ് ഡയറക്ടറേറ്റിലേക്ക് 18 /06/2019 -ന് മുമ്പായി സമർപ്പിക്കേണ്ടതുമാണ്.

അപേക്ഷാ ഫോറം, പത്രപരസ്യം എന്നിവ ഈ കത്തിനോടൊപ്പം അടിയന്തിര നടപടി സ്വീകരിക്കുന്നതിനായി ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ

ഉള്ളടക്കം: മേൽപറഞ്ഞവ

ഫിഷറീസ് ഡയറക്ടർക്കു വേണ്ടി.

ജികെ. 30.5.19

# പത്ര പരസ്യം

## മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സിവിൽ സർവ്വീസ് പരിശീലനം

സംസ്ഥാന ഫിഷറീസ് വകുപ്പു മുഖേന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നൽകുന്നു. പരിശീലന ചെലവ് സർക്കാർ വഹിക്കുന്നതാണ്. അപേക്ഷാ ഫോറവും വിശദ വിവരങ്ങളും ജില്ലാ ഫിഷറീസ് ഓഫീസുകളിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷാഫോറം 15/06/2019 തീയതിക്കു മുമ്പായി ജില്ലാ ഫിഷറീസ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

ബിരുദ തലത്തിൽ 60% മാർക്കോടെ വിജയിച്ച മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അപേക്ഷിക്കാവുന്നതാണ്. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം സിവിൽ സർവ്വീസ് അക്കാഡമി, പ്ലാമൂട്, തിരുവനന്തപുരം എന്ന സ്ഥാപനം മുഖേനയാണ് നടത്തുന്നത്. ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമേ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ. തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ വഴിയാണ് പരിശീലനം നൽകുക. സിവിൽ സർവ്വീസ് അക്കാഡമി നടത്തുന്ന എൻട്രൻസ് പരീക്ഷയുടെ മെരിറ്റ് അടിസ്ഥാനത്തിലായിരിക്കും അർഹരായ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്നവർ താമസിച്ചു പഠിക്കുവാൻ സന്നദ്ധരായിരിക്കണം.

ജികെ. 30.5.19

**രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യമായി സിവിൽ സർവ്വീസ് കോച്ചിംഗിന്**

**പരിശീലനം നൽകുന്നതിനുള്ള പദ്ധതിയുടെ അപേക്ഷാഫോറം**

ഫോട്ടോ

## I.പൊതു വിവരങ്ങൾ

1. അപേക്ഷകന്റെ പേര് (വിദ്യാർത്ഥിയുടെ) :
2. ജനന തീയതി :
3. സ്ത്രീ/പുരുഷൻ :
4. സ്ഥിര മേൽവിലാസം :
5. ജില്ല :
6. ഇപ്പോഴത്തെ മേൽവിലാസം :
7. ഇ-മെയിൽ :
8. ഫോൺ നമ്പർ :
9. ആധാർ നമ്പർ :
10. രക്ഷകർത്താവിന്റെ ബയോമെട്രിക് കാർഡ് നമ്പർ :
11. അപേക്ഷകൻ ഉൾപ്പെടുന്ന വിഭാഗം :

    ജനറൽ ☐ ഒ.ബി.സി ☐ ഒ.ഇ.സി ☐ എസ്.സി ☐ എസ്.റ്റി ☐

12. രക്ഷകർത്താവ് മത്സ്യത്തൊഴിലാളി

    ക്ഷേമനിധി ബോർഡ് രജി.ചെയ്ത വിവരം :

    മത്സ്യഗ്രാമത്തിന്റെ പേര്:

    രജി : നമ്പർ :

II. ബിരുദ വിദ്യാഭ്യാസത്തിനെ സംബന്ധിച്ച വിവരങ്ങൾ

1. പഠിച്ച സ്ഥാപനത്തിന്റെ പേരും വിലാസവും:

2. യൂണിവേഴ്സിറ്റിയുടെ പേര്:

3. വിഷയം

4. പാസ്സായ വർഷം

5. രജിസ്ട്രേഷൻ നമ്പർ

6. ലഭിച്ച മാർക്കും, ശതമാനവും:

7. ബിരുദ വിദ്യാഭ്യാസ കാലയളവിൽ മത്സ്യത്തൊഴിലാളി വിദ്യാഭ്യാസ ആനുകൂല്യം ലഭിച്ചിരുന്നോ.

**സത്യപ്രസ്താവന**

മുകളിൽ പ്രസ്താവിച്ച കാര്യങ്ങൾ സത്യമാണ്. പരിശീലന പരിപാടിയിൽ പങ്കെടുത്ത ശേഷം പകുതിയിൽ വച്ച് നിറുത്തി പോകുകയാണെങ്കിൽ സർക്കാരിനുണ്ടാകുന്ന നഷ്ടവും സർക്കാർ ചുമത്തുന്ന പിഴയും സർക്കാരിലേയ്ക്ക് അടയ്ക്കുന്നതിന് എനിക്ക് സമ്മതമാണ്.

വിദ്യാർത്ഥിയുടെ ഒപ്പ്

(പേര്)

രക്ഷിതാവിന്റെ ഒപ്പ്

(പേര്)

സ്ഥലം:

തീയതി:

**പ്രത്യേക ശ്രദ്ധയ്ക്ക്**

വിദ്യാർത്ഥി/വിദ്യാർത്ഥിനിയുടെ ഫോട്ടോയും രക്ഷാകർത്താവ് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റും മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഇതോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.